പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 258 — 11.06.2012 ൽ മറുപടിക്ക്

ഓപ്പറേഷൻ സ്വീപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഓപ്പറേഷൻ സ്വീപ്പ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) പൊതുജനപങ്കാളിത്തത്തോടെ പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയുക, മാലിന്യസംസ്കരണത്തിലൂടെ പരിസ്ഥിതി മലിനീകരണം തടയുകയും ശുചിത്വബോധം വളർത്തുകയും ചെയ്യുക, ആത്യന്തികമായി പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് ഓപ്പറേഷൻ സ്വീപ്പ് പദ്ധതി നടപ്പാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ സമ്പൂർണ്ണ വിജയത്തിനായി എല്ലാ ജില്ലകളിലും പരിശോധനയ്ക്കായി ട്രാഫിക് വിഭാഗത്തെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) ട്രാഫിക് വിഭാഗം ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പദ്ധതിയുടെ വിജയകരമായി നടത്തിപ്പിന് ചുമതല നൽകിയിട്ടുണ്ട്. |
| (സി) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ഏതെല്ലാം നിയമ വ്യവസ്ഥകളനുസരിച്ചാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 268, 269, 278 വകുപ്പുകളും 2011 ലെ കേരള പോലീസ് നിയമത്തിലെ 120 (e) വകുപ്പും പ്രകാരമാണ് കേസെടുക്കുന്നത് |

സെക്ഷൻ ഓഫീസർ